കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തിരുപുറം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2095/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി - 04.12.2018

ഫോൺ 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

തിരുപുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുപുറം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3-ലെയും ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉ.പ.സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, 3) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.1/2095/2018 തീയതി: 04.12.2018

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017മുതൽ 31.03.2018 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.സാജൻ ലാൽ. എസ്.ജെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 09-08-2018മുതൽ 18-08-2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ലത കുമാരി എം,<br>ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. രാജേഷ് എം. ജി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. അരുൺ സി. എസ്.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ലിപു എസ്. ലോറൻസ് ,<br>ഓഡിറ്റർ |
| | | ശ്രീ. രാജു എസ്.<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ.ഇ ക്രിസ്തുദാസ് , 01-04-2017 മുതൽ 31-03-2018വരെ |
| സെക്രട്ടറി | : | ശ്രീ.എസ് മനോജ് , 01-04-2017 മുതൽ 08-06-217 വരെ |
| | | ശ്രീ. രമേശ് ജി. 09-06-2017 മുതൽ 31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. രമ്യ | 01-04-2017മുതൽ 22-10-2017വരെ |
| | ശ്രീമതി. ഷീല കുമാരി | 23-10-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.അർണോൾഡ് ദീപക് | 01-04-2017മുതൽ 12-01-2017 വരെ |
| | Dr.രാഹുൽ ജെ. ജി. | 12-01-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. നജ കരുണേഷ് | 01-04-2017മുതൽ31-03-2018വരെ |
| വെറ്റിനറി സർജൻ | 1.ഡോ.സുനിൽ വിൽസൺ | 01-04-2017മുതൽ 25-06-2017വരെ |
| | 2.ഡോ.ജിനു കുമാർ | 26-06-2017 മുതൽ31-03-2018വരെ |
| ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | ശ്രീമതി.ഷീബ എഡ്വേഡ് | 01-04-2017മുതൽ 28-08-2017വരെ |
| | ശ്രീമതി. ശ്രീല ബി. എസ്. | 29-08-2017 മുതൽ 31-03-2018വരെ |
| വി.ഇ.ഒ. | ശ്രീമതി. മിനിമോൾ എം. | 01-04-2017മുതൽ 31-03-2018വരെ |
| കൃഷി ഓഫീസർ | ശ്രീ.രത്ന രാജ് ആർ | 01-04-2017മുതൽ 31-03-2018വരെ |
| എച്ച്.എം. | ശ്രീമതി.ഉഷ | 01-04-2017മുതൽ301-03-2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 08 | ക്ഷേമ പദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | അക്കൗണ്ടിനെ സംബന്ധിച്ച മറ്റു വിവരങ്ങൾ | 1-12 | |
| | ഭാഗം 2 | | |
| 13 | വരവ് മേഖലയിൽ ശ്രദ്ധ പുലർത്തുന്നില്ല - പഞ്ചായത്തിന് ധനനഷ്ടം | 2-1 | |
| 14 | ലൈസൻസുകൾ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവ് | 2-2 | |
| | ഭാഗം 3 | | |
| 15 | വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയില്ല | 3-1 | |
| 16 | ബജറ്റ് - അപാകതകൾ | 3-2 | |
| 17 | പദ്ധതി രൂപീകരണം - സ്റ്റാറ്റസ് റിപ്പോർട്ട് അപാകതകൾ | 3-3 | |
| 18 | ബജറ്റ് വകയിരുത്തലിനെ അധികരിച്ച് ചെലവ് നടത്തി | 3-4 | |
| 19 | പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-5 | |

| | | | |
|---|---|---|---|
| 20 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിൽ വീഴ്ച | 3-6 | |
| | ഭാഗം 4 | | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 10.02.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 39,04,56,112/-രൂപ വരവും 36,97,77,400/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 5,18,08,785/-രൂപയും ചെലവ് 4,86,81,976/-രൂപയുമാണ്.

ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് ചെലവുകൾ യഥാർത്ഥ വരവു ചെലവുകളേക്കാൾ വളരെ കൂടുതലാണ്. യാഥാർഥ്യ ബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 04.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ

## വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 09.05.2018 | ജി.പി.1/1478/18 തീയതി 06.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31,30,077.00 |
| വരവ് | 4,86,78,708.00 |
| ആകെ | 5,18,08,785.00 |
| ചെലവ് | 4,86,81,976.00 |
| നീക്കിയിരിപ്പ് | 31,26,809.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11470177 | 11470177 | 11470177 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1327105 | 1327105 | 1327105 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5628256 | 5628256 | 5628256 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2649797 | 2649797 | 2649797 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5742088 | 5742088 | 5742088 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2321589 | 2321589 | 2321589 | 0 |
| എൻ.ആർ.ഇ. ജി.എസ് | 251569 | 1438617 | 1690186 | 1473637 | 216549 |
| ബി ഫണ്ട് | 0 | 841800 | 841800 | 841800 | 0 |
| എസ്.ബി.ഐ പൂവാർ | 446941 | 147379 | 594320 | 160521 | 433799 |
| ടി.പി.എ | 891 | - | 891 | - | 891 |
| തനത് ഫണ്ട് | 936222 | 4818756 | 5754978 | 3999254 | 1755724 |

| | | | | | |
|---|---|---|---|---|---|
| തണൽ | 54100 | - | 54100 | 54100 | - |
| ജനറൽ പർപ്പസ് ഫണ്ട് | 1373754 | 6757000 | 8130754 | 7502615 | 628139 |
| ക്യാഷ് | 66600 | 91707 | 158307 | 66600 | 91707 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 49930558 | 133 | 31240348 | - | 35 | 79 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| | മുൻബാക്കി | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| സംസ്ഥാന വിഹിതം | 251569 | 1438617 | 1690186 | 1473637 | 216549 |
| EFMS | - | 13849716 | 13849716 | 13849716 | - |

## 1-8 ക്ഷേമപദ്ധതികൾ

| ക്രമ നം. | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിതവേതനം | 238800 | 407 |
| 2 | കർഷകതൊഴിലാളി പെൻഷൻ | 3867160 | 3804 |
| 3 | വിധവാ പെൻഷൻ | 3742510 | 1972 |
| 4 | വാർദ്ധക്യകാല പെൻഷൻ | 6906105 | 4205 |
| 5 | വികലാംഗ പെൻഷൻ | 2138255 | 1186 |

| | | | |
|---|---|---|---|
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 590000 | 21 |
| 7 | 50വയസിൻമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 145295 | 120 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-2018 11മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,472/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപന നികുതി രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് നല്കുന്ന വിവിധ ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പരിപാലിക്കേണ്ടതാണ്.അപേക്ഷകൾ കൃത്യമായി ക്രമനമ്പരിട്ട് സൂക്ഷിക്കേണ്ടതാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് തുടർ നിർമ്മാണ, മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കേണ്ടതുമാണ്.

ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടങ്ങളിലെ വകുപ്പ് (13)പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ യോഗം എല്ലാ മാസവും ചേരുന്നു. ജീവനക്കാരുടെ ജോലി വിഭജനരേഖ, പേഴ്സണൽ രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2018 മുതൽ 27.07.2018 വരെ | 05/17 – 08/17 | 13.07.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04-10-2012 മുതൽ 08-10.2012 വരെ | 2007-08 മുതൽ 2011-12 വരെ | 09.01.2013 |

## 1-12 അക്കൗണ്ടിനെ സംബന്ധിച്ച മറ്റ് വിവരങ്ങൾ

ഇല്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവ് മേഖലയിൽ ശ്രദ്ധ പുലർത്തുന്നില്ല-പഞ്ചായത്തിന് ധനനഷ്ടം

പഞ്ചായത്തിന്റെ തനത് വരുമാനമേഖലകളിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ലായെന്ന് ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടു. പഞ്ചായത്ത് നൽകിയ ഡി & ഒ ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ ലൈസൻസ് ലഭ്യമാക്കാൻ നൽകിയ അപേക്ഷകരിൽ നിന്നും 1996 ലെ പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 18-ാം ചട്ടം പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ യന്ത്രമോ, ഉപയോഗിക്കുന്ന സ്ഥലത്തിന് ഒരു കൊല്ലത്തേയ്ക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് പട്ടിക III-ൽ പറയും വിധം നിശ്ചിത ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ പരിശോധനാവേളയിൽ അപേക്ഷകളിൻമേൽ നിശ്ചിത നിരക്ക് ഈടാക്കിയിട്ടില്ലായെന്ന് വ്യക്തമാകുന്നു. 15 അപേക്ഷകരിൽ നിന്നും 3,150/-രൂപ കുറച്ച് ഈടാക്കിയതായി കണ്ടെത്തി. ആയതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4) ലഭ്യമാക്കിയ മറുപടിയിൽ 2,700/-രൂപ അപേക്ഷകരിൽ നിന്നും ഓഡിറ്റ് പരിശോധനാക്കാലയളവിൽ പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടച്ചതായും ബാക്കി തുക പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കി. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഡ് തലത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കാലികമായി സൂക്ഷിക്കാത്തതിനാൽ ഡി & ഒ ലൈസൻസ് ഇനത്തിലും പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നതായി വ്യക്തമാകുന്നു.

## 2-2 ലൈസൻസുകൾ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവ്

പഞ്ചായത്ത് പരിധിയിൽ പെർമിറ്റോ ലൈസൻസോ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇഷ്ടികക്കളങ്ങൾ, ലൈവ് സ്റ്റോക്ക് ഫാമുകൾ (കോഴി വളർത്തൽ), ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നതായും അവയ്ക്ക് ലൈസൻസ് നൽകിയിട്ടില്ലായെന്നും ആയത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി 10 ന് നൽകിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയോ അവയ്ക്ക് ലൈസൻസും പെർമിറ്റും നല്കാനുള്ള നടപടികളോ പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന ഇത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പെർമിറ്റും ലൈസൻസും നൽകേണ്ടതും അല്ലാത്തപക്ഷം അവയ്ക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതി ഈ വിഷയത്തിൽ ശ്രദ്ധ നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയില്ല

വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയില്ല. ഇത് സംബന്ധിച്ച ഫയലുകൾ

പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു

a) പ്രൊജക്ട് നമ്പർ: 17- വീട് പുനരുദ്ധാരണം SCP

- പദ്ധതി നടപ്പിലാക്കാത്തതു സംബന്ധിച്ച ഓഡിറ്റ് എന്ക്വയറിക്കു വകുപ്പ് മുഖേന ഒരു ലക്ഷം രൂപ നൽകുന്നതിനാൽ 25000രൂപ ലഭിക്കുന്ന പദ്ധതിക്ക് ഗുണഭോക്താക്കൾ അപേക്ഷിച്ചില്ല എന്ന മറുപടി ലഭിച്ചു
- മേല്പറഞ്ഞ വസ്തുത ആസൂത്രണ സമിതിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതികളുടെ ചർച്ചയിൽ പരിഗണിച്ചില്ല
- വികസന സെമിനാറിലും മേൽ വിഷയം പരിഗണിച്ചില്ല
- സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിഭവ വിലയിരുത്തലിൽ മേൽ വിഷയം ഉൾപ്പെടുത്തിയില്ല
- ഗ്രാമസഭയിൽ ചർച്ചക്ക് വരാത്ത പദ്ധതി ഉൾപ്പെടുത്തിയതിനാൽ ജനങ്ങൾക്ക് ആവശ്യമില്ലാത്ത പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായി വന്നു.

b) പ്രൊജക്ട് നമ്പർ :18 - കുടിവെള്ളം ഗാർഹിക കണക്ഷൻ

- പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡി നടത്തിയില്ല
- ഗ്രമസഭയിൽ ടി പദ്ധതിയെപ്പറ്റി ചർച്ച നടത്താത്തതിനാൽ ആയതിന്റെ ആവശ്യകത ഉറപ്പാക്കാൻ കഴിഞ്ഞില്ല

c) പ്രൊജക്ട് നമ്പർ 75, 153 - ഓട്ടോറിക്ഷാ വാങ്ങുന്നതിനായുള്ള ധനസഹായം

- പ്രൊജക്ട് പരിഗണിച്ച വേളയിൽ ബാങ്കുമായി വർക്കിംഗ് ഗ്രൂപ്പ് ചർച്ച നടത്തിയില്ല. അതുകാരണം പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ച വേളയിൽ ബാങ്കിൽ നിന്നും ലോൺ ലഭിച്ചില്ല

## 3-2 ബജറ്റ് - അപാകതകൾ

ബജറ്റ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ബജറ്റ് തയ്യാറാക്കുന്നതിൽ സംഭവിച്ചതായി കണ്ടു.

- നോൺ പ്ലാൻ ബഡ്ജറ്റിനായി ഘടക സ്ഥാപനങ്ങളിൽ നിന്നും ശുപാർശകൾ ലഭിച്ചതായുള്ള രേഖകൾ ഹാജരാക്കിയില്ല.
- പെർഫോമൻസ് ബജറ്റ്/ ജൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.
- ബജറ്റ് പ്രൊപോസൽ അതാതു സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കു സമർപ്പിച്ചില്ല.
- ബഡ്ജറ്റിന്റെ വാർഷിക റിവ്യൂ നടത്തിയിട്ടില്ല.
- ഡി & ഓ ലൈസൻസ് ഇനത്തിൽ കഴിഞ്ഞ വർഷം 70,000/- രൂപയാണെങ്കിലും ഈ വർഷം വരവിനത്തിൽ 1,50,000/-രൂപ വകയിരുത്തി. റിവൈസ്ഡ് ബഡ്ജറ്റിൽ ആയതു 60,000/- രൂപയാക്കി മാറ്റി.

- ഇന്ററസ്റ്റ് ഫ്രം ബാങ്ക് അക്കൗണ്ട്സ് 2016-17ബജറ്റ് പ്രകാരം വരവില്ല. എന്നാൽ 2017-18 ൽ ഒരു ലക്ഷം രൂപ ഈയിനത്തിൽ വരവായി വകയിരുത്തി. യഥാർത്ഥ വരവ് 10,540/- രൂപയാണ്
- ബജറ്റ് 24.03.2018ൽ റിവൈസ് ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ടെർമിനൽ ബെനെഫിറ്റ്സ് ഇനത്തിൽ 1,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 217-18 വർഷത്തിൽ ആരും വിരമിക്കാനുണ്ടായിരുന്നില്ല. പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 അനുസരിച്ച് ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 3-3 പദ്ധതി രൂപീകരണം - സ്റ്റാറ്റസ് റിപ്പോർട്ടിലെ അപാകതകൾ

സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

- സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രശ്ന പരിഹാര സാധ്യത, മുൻവർഷങ്ങളിലെ പ്രോജക്ട്സ് വഴി കൈവരിച്ച നേട്ടം, ഇപ്പോഴത്തെ അവസ്ഥ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
- വികസന പരിപ്രേക്ഷ്യവും പ്രോജക്റ്റ് ആശയങ്ങളും തമ്മിൽ ബന്ധമില്ല.
- പ്രോജക്റ്റ് ആശയങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 3-4 ബജറ്റ് വകയിരുത്തലിനെ അധികരിച്ച് ചെലവ് നടത്തി

താഴെ പറയുന്ന പദ്ധതികളിൽ ബഡ്ജറ്റിൽ അധികരിച്ച് ചെലവ് നടത്തി

| നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | ബജറ്റ് വകയിരുത്തൽ | ചെലവ് | അധികമായി ചെലവഴിച്ചത് |
|---|---|---|---|---|---|
| 1 | 1/18 | Secured Loan | 859350 | 1523422 | 664072 |
| 2 | 3/18 | Computerisation | - | 69856 | 69856 |
| 3 | 9/18 | Payment to IKM | 50000 | 52890 | 2890 |

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72, 73, 74 എന്നിവ അനുസരിച്ച് ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബഡ്ജറ്റോ പുതുക്കിയ ബഡ്ജറ്റോ പാസ്സാക്കേണ്ടതാണ്. എന്നാൽ ഇവിടെ മേല്പറഞ്ഞ ചെലവ് നടത്തിയതിനു ശേഷം ബജറ്റ് പുതുക്കുകയോ അനുപൂരക ബജറ്റ് പാസ്സാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ബജറ്റ് വകയിരുത്തലിൽ അധികമായി ചെലവഴിച്ച 7,36,818/- രൂപ തടസപ്പെടുത്തുന്നു.

## 3-5 പദ്ധതി നടത്തിപ്പിലെ അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി നടത്തിപ്പിലെ അപാകതകൾ

1.പ്രോജക്ട് നം. - എസ് 0122/18

പ്രോജക്ടിന്റെ പേര് - കറവപശു വളർത്തൽ

അടങ്കൽ തുക – 7,00,000/- രൂപ (ഗുണഭോക്തൃവിഹിതം 3,50,000/- രൂപ ഉൾപ്പെടെ)

പദ്ധതി ചെലവ് - 3,50,000/- രൂപ

<u>ഗുണഭോക്തൃ തെരഞ്ഞെടുപ്പ് – മുൻഗണനമാനദണ്ഡങ്ങൾ പാലിച്ചുവെന്ന് ഉറപ്പുവരുത്താനായിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് കണ്ടെത്തി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് കറവപശുക്കളെ വാങ്ങാൻ സബ്സിഡി നൽകുന്ന പദ്ധതിയാണിത്. പാലുൽപാദനം മെച്ചപ്പെടുത്തുക,കറവപശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുക,വനിതകളുടെ വരുമാനവർദ്ധനവ് എന്നിവയായിരുന്നു വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതിയുടെ ലക്ഷ്യങ്ങൾ.പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവരും പശുവിനെ വളർത്താൻ അടിസ്ഥാനസൗകര്യമുള്ളവരും ഒരു ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ളവരെയുമാണ് പദ്ധതിയിലെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുന്നത്.തിരഞ്ഞെടുക്കലിന്റെ മുൻഗണനാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1.women as head of family - 25 marks

2.members of milk co-operatives - 25 marks

3.rearing 2 or more milch cow - 20 marks

4.families having differently abled members - 20 marks

5.not received to any departmental or LSGD scheme benefit - 10 marks

ഗുണഭോക്താക്കളുടെ ലിസ്റ്റിനൊപ്പം അപേക്ഷകൾ തനിക്ക് ലഭ്യമാക്കിയിട്ടില്ലെന്നു ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് അധികൃതരിൽ നിന്നും ടി പദ്ധതിയിലെ ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ അർഹതാ നിർണ്ണയത്തിന് മേൽസൂചിപ്പിച്ച മുൻഗണനാ മാനദണ്ഡങ്ങൾ പരിഗണിച്ചോ എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

<u>ഇൻഷ്വറൻസ് പരിരക്ഷ – തുടർച്ച ഉറപ്പ് വരുത്തേണ്ടതാണ്</u>

ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ കന്നുകാലികളുടെ ആരോഗ്യപ്രശ്നങ്ങൾക്കുള്ള പരിഹാരത്തിന് ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളിലൊന്നായി സൂചിപ്പിച്ചിട്ടുള്ളത് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുക എന്നുള്ളതാണ്. പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങുന്ന പശുക്കൾക്ക് ഗുണഭോക്താവിന്റെ ചെലവിൽ മൂന്ന് വർഷത്തെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തണമെന്ന വ്യവസ്ഥ പ്രോജക്ടിന്റെ അധികവിവരങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ 06.12.2017മുതൽ 05.12.2018 വരെയുള്ള ഒരു വർഷത്തേക്കു മാത്രമെ ഇൻഷ്വറൻസ് പരിരക്ഷ എടുത്തിട്ടുള്ളൂ. പ്രോജക്ടിൽ ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ പശുക്കൾക്ക് തുടർന്നുള്ള രണ്ട് വർഷത്തേക്കു കൂടി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നുവെന്ന് മോണിറ്ററിങ്ങ് ഗ്രൂപ്പ് (മൃഗസംരക്ഷണവും ക്ഷീരവികസനവും) ഉറപ്പു വരുത്തേണ്ടതാണ്.

<u>ആരോഗ്യ സ്ഥിതി സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല</u>

മോണിറ്ററിങ്ങിനു വിധേയമാക്കേണ്ട ഘടകങ്ങളിൽ ഒന്നായി പ്രോജക്ടിൽ നൽകിയിട്ടുള്ള ആരോഗ്യസ്ഥിതി ഉറപ്പു വരുത്തുന്ന വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടപടികൾ എല്ലാം പൂർത്തിയാക്കിയ ശേഷവും പർച്ചേസ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മാത്രമേ പ്ലാൻ ഫണ്ട്-സബ്സിഡി- പശുവിനെ വിൽക്കുന്നവർക്ക്

നൽകാവൂ എന്ന വ്യവസ്ഥ നിലവിലിരിക്കെ പശുക്കളുടെ ആരോഗ്യസ്ഥിതി ഉറപ്പ വരുത്തുന്ന സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ സബ്സിഡി തുക കൈമാറിയത് നിർവഹണഉദ്യോഗസ്ഥന്റെ പാളിച്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2.പ്രോജക്ക് നമ്പർ - എസ് 0125/18

പ്രോജക്ടിന്റെ പേര് - ആട് വളർത്തൽ - വനിത (മൃഗങ്ങളെ ലഭ്യമാക്കൽ)

അടങ്കൽ തുക – 11,20,000/- രൂപ

പദ്ധതി ചെലവ് - 4,90,000/- രൂപ

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് – മുൻഗണനമാനദണ്ഡങ്ങൾ പാലിച്ചുവെന്ന് ഉറപ്പുവരുത്താനായിട്ടില്ല

പഞ്ചായത്ത് പ്രദേശത്തെ വനിതകൾക്ക് സബ്സിഡി നിരക്കിൽ ആടുകളെ ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഗ്രാമീണ കുടുംബങ്ങൾക്ക് അധികവരുമാനം, പാൽ, മാംസ ലഭ്യത വർദ്ധിപ്പിക്കൽ, ആടുകളുടെ എണ്ണം വർദ്ധിപ്പിക്കൽ എന്നിവയായിരുന്നു ലക്ഷ്യങ്ങൾ. മുൻ പദ്ധതിക്കാലത്ത് ഇതേ പ്രോജക്ടിന്റെ ആനുകൂല്യം നേടിയിട്ടില്ലാത്ത, ഒരു ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള വനിതകളെയാണ് ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുന്നത്.

മുൻഗണനാ മാനദണ്ഡങ്ങൾ

1. family with women as head – 30 മാർക്ക്

2. families engaged in rearing goats – 30മാർക്ക്

3. families with differently abled persons – 10മാർക്ക്

4. members of women SH groups – 15മാർക്ക്

5. members of milk co-operatives - 15മാർക്ക്

ഗുണഭോക്താക്കളുടെ ലിസ്റ്റിനൊപ്പം അപേക്ഷകൾ തനിക്ക് ലഭ്യമാക്കിയിട്ടില്ലെന്നു ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് അധികൃതരിൽ നിന്നും ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ അർഹതാ നിർണ്ണയത്തിന് മേൽസൂചിപ്പിച്ച മുൻഗണനാ മാനദണ്ഡങ്ങൾ പരിഗണിച്ചോ എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല

ആടുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തൽ,ആരോഗ്യസ്ഥിതി ഉറപ്പാക്കൽ,പർച്ചേസ് കമ്മിറ്റിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കൽ എന്നീ നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ സബ്സിഡി തുക വിൽക്കുന്നവർക്ക് കൈമാറാവൂ എന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിബന്ധനയ്ക്ക് വിരുദ്ധമായി ഇൻഷ്വറൻസ് പരിരക്ഷ (ചെലവ് ഗുണഭോക്താവ് വഹിക്കണം) ഏർപ്പെടുത്തുന്നതിനു മുൻപു തന്നെ സബ്സിഡി തുക ആടുകളെ വിതരണം ചെയ്തവരുടെ അക്കൗണ്ടിലേക്ക് കൈമാറിയതായി ഫയൽ പരിശോധനയിൽ കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീമതി ശകുന്തള.എസ്, ശ്രീമതി രാജമ്മ.സി, ശ്രീമതി നിർമ്മല.ഇ, ശ്രീമതി സുശീല, ശ്രീമതി വാസന്തി.എൻ, ശ്രീമതി ബേബി.എൽ,ശ്രീമതി ദാക്ഷായണി,ശ്രീമതി ലളിത.ജെ, ശ്രീമതി രാധ.എൻ,ശ്രീമതി സതി.ബി. എന്നീ ഗുണഭോക്താക്കൾ ആടുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

ഏർപ്പെടുത്തുന്നതിനു (20.03.2018) മുൻപു തന്നെ സബ്സിഡി തുക വിൽക്കുന്നവർക്ക് കൈമാറിയതായി (23.02.2018) പരിശോധനയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനു മുൻപ് സബ്സിഡി തുക കൈമാറ്റം ചെയ്തത് പദ്ധതിയുടെ ലക്ഷ്യത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. വാങ്ങുന്ന ആടുകൾക്ക് മരണം സംഭവിക്കുകയാണെങ്കിൽ ലഭിക്കുന്ന ഇൻഷ്വറൻസ് തുക കൊണ്ട് പുതിയ ആടിനെ വാങ്ങി വളർത്താമെന്ന് ഗുണഭോക്താക്കളും വെറ്ററിനറി സർജനും തമ്മിലുള്ള കരാറിൽ വിശദീകരിച്ചിട്ടുണ്ട്.എന്നാൽ ഇൻഷ്വറൻസ് ഇല്ലാത്ത കാലയളവിൽ സംഭവിക്കുന്ന മരണം നിമിത്തം സബ്സിഡി തുക പാഴായിപ്പോകാൻ സാധ്യതയുള്ളതിനാൽ ഭാവിയിൽ നടപ്പാക്കുന്ന പ്രോജക്ടുകളിൽ ഇത്തരം വീഴ്ച ഒഴിവാക്കാൻ മോണിറ്ററിങ്ങ് ഗ്രൂപ്പ് (മൃഗസംരക്ഷണവും ക്ഷീരവികസനവും) പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-6 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിൽ വീഴ്ച

29.10.2015 ലെ സർക്കാർ ഉത്തരവ് (സാ. ധാ.)നം 3217/2015 ത.സ്വ.ഭ.വ. പ്രകാരം ആണ് പാലിയേറ്റീവ് കെയർ പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളിൽ പലതും പാലിക്കാതെയാണ് ഗ്രാമപ്പഞ്ചായത്ത് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മേൽ ഉത്തരവിന്റെ ഖണ്ഡിക 2.2.2 പ്രകാരം, പാലിയേറ്റീവ് കെയർ പദ്ധതി ആസൂത്രണം ചെയ്യാനായി ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുമ്പ് പഞ്ചായത്തിലെ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ആരോഗ്യവകുപ്പിലെ ഫീൽഡ് സ്റ്റാഫ്, ആശാവർക്കർ തുടങ്ങിയവരുടെ യോഗം വിളിക്കേണ്ടതുണ്ട്. ഗ്രാമപ്പഞ്ചായത്ത് ഇത്തരത്തിൽ ഒരു യോഗം വിളിച്ചിട്ടില്ല.

2.മേൽ ഉത്തരവിന്റെ ഖണ്ഡിക 2.3.2 പ്രകാരം, പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതുണ്ട്. ഈ യോഗത്തിൽ അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും അവലോകന റിപ്പോർട്ട് അവതരിപ്പിക്കുകയും വേണം. എന്നാൽ 2017 – 18 വർഷം ആകെ രണ്ട് യോഗം മാത്രമേ ചേർന്നിട്ടുള്ളൂ.

3.മേൽ ഉത്തരവിന്റെ ഖണ്ഡിക 2.4പ്രകാരം, ഗ്രാമപ്പഞ്ചായത്ത് പാലിയേറ്റീവ് കെയർ നിർവ്വഹണക്കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. പ്രസ്തുത കമ്മിറ്റി എല്ലാ മാസവും അഞ്ചാം തീയതിക്കു മുമ്പായി യോഗം ചേരേണ്ടതുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പാലിയേറ്റീവ് കെയർ നിർവ്വഹണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

4. മേൽ ഉത്തരവിന്റെ ഖണ്ഡിക 2.5.6 പ്രകാരം, പാലിയേറ്റീവ് കെയർ പദ്ധതിയിൽ അംഗങ്ങളായ ഗുണഭോക്താക്കളുടെ നോമിനൽ രജിസ്റ്റർ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

5. മേൽ ഉത്തരവിന്റെ ഖണ്ഡിക 2.5.7 പ്രകാരം, തുടർപരിചരണം ആവശ്യമായവരുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഗ്രാമപ്പഞ്ചായത്ത് ഇത്തരത്തിൽ ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

6. 2017- 18 ൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പാലിയേറ്റീവ് കെയർ പദ്ധതി വിലയിരുത്തിയിട്ടില്ല.

പദ്ധതി ആസൂത്രണം മുതൽ അവലോകനം വരെയുള്ള വിവിധ ഘട്ടങ്ങളിൽ ഉത്തരവാദപ്പെട്ടവർ തങ്ങളുടെ പ്രവൃത്തിയിൽ വരുത്തിയ വീഴ്ച പദ്ധതിയുടെ ശരിയായ നടത്തിപ്പിനും പുരാഗതിക്കും തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മുതലായവയിൽ കൂടുതൽ കാര്യക്ഷമമായ ചർച്ചയും അവലോകനവും തീരുമാനവും ഈ വിഷയത്തിൽ ആവശ്യമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (രജിസ്റ്റർ പ്രകാരം)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 617150 | 566150 | 51000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 976232 | 976232 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് കണക്ഷൻ | 503000 | - | 503000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | സ്ഥാപനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാധാ)നം 478/2010/ ത.സ്വ.ഭ.വ, തിയതി. 11/02/2010 | 3593500 | 2255095 | 1523422 | | 731673 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51808785 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48681976 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 736818 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 736818 | രമേഷ്, സെക്രട്ടറി,<br>ലക്ഷ്മി കോട്ടേജ്,<br>സ്റ്റുഡിയോ റോഡ്, നേമം. പി.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| വർഷം | ഒട്ടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 1 | |
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 2 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 9 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 8 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 7 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 6 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2027/16 തീയതി 24.11.2017 | 8 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1640/17 തീയതി 11.01.2018 | 24 | |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്ന പരാമർശങ്ങൾ ഒഴികെ, തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം